ഫെസ്റ്റിവൽ ഫീസ്	-	10 രൂപ
പരീക്ഷാ ഫീസ്		
(1-ാം വർഷം)	-	35 "
(2-ാം വർഷം)	-	40 "
സർട്ടിഫിക്കറ്റ് ബുക്ക്	-	20 "

അപേക്ഷാ ഫാറത്തിന്റെ വില- 5 "

(ബി) അനുബന്ധം-I ൽ പ്രതിപാദിച്ചിട്ടുണ്ട്. ടി.ടി.സിയുടെ ഫീസ് വർദ്ധിപ്പിച്ചിട്ടില്ല. ഹയർ സെക്കണ്ടറിയുടെ വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) കണക്കാക്കിയിട്ടില്ല.

(ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഇ) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ ഫീസ് വിവരം അനുബന്ധം- II ആയി ചേർത്തിട്ടുണ്ട്. സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഫീസ് വിവരത്തിൽ അന്തിമ തീരുമാനമെടുത്തിട്ടില്ല.

(എഫ്) ഇല്ല.

വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഫീസ് വർദ്ധന

89 (1399) ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോളേജുകളിലും സ്കൂളുകളിലും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഫീസ് വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(സി) ഇതിന് മുൻപ് ഫീസ് വർദ്ധിപ്പിച്ചത് എപ്പോഴാണ് ;

(ഡി) അന്നത്തെ നിരക്കുകൾ എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ഇ) ഫീസാനുകൂല്യത്തിന് അർഹതപ്പെട്ട വിദ്യാർത്ഥികൾക്ക് ഇപ്പോഴത്തെ വർദ്ധന ബാധകമാണോ ;

(എഫ്) ഫീസാനുകൂല്യത്തിനുള്ള അർഹത സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥ എന്താണ് ;

(ജി) ആയത് പുതുക്കി നിശ്ചയിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(എച്ച്) ഫീസ് വർദ്ധനവ് സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

---

†അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

(ഐ) സെക്കണ്ടറി വിദ്യാഭ്യാസതലം വരെ വിദ്യാഭ്യാസം സൗജന്യമായ നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ള ഫീസ് വർദ്ധനവ് പിന്നോക്ക വിഭാഗം വിദ്യാർത്ഥികൾക്കും, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസം നിഷേധിക്കുന്നതിന് തുല്യമാണെന്ന ആക്ഷേപം ശരിയാണെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(ജെ) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സർക്കാരിന്റെ അഭിപ്രായം എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കോളേജുകളിലും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഈ അദ്ധ്യയന വർഷം മുതൽ 7-6-2003-ലെ സ.ഉ. (എം.എസ്) 66/03/ഉവിവ എന്ന ഉത്തരവ് പ്രകാരം ഫീസ് വർദ്ധിപ്പിച്ചിട്ടുണ്ട്. സ്കൂളുകളിലെ ഫീസ് വർദ്ധിപ്പിച്ചിട്ടില്ല.

(സി&ഡി) 2002-2003 അദ്ധ്യയന വർഷത്തിൽ കോളേജുകളിലെ ഫീസും സ്കൂൾ തലത്തിൽ സ്പെഷ്യൽ ഫീസും വർദ്ധിപ്പിച്ചിട്ടുണ്ട്. സ്കൂളുകളിൽ 8-ാം ക്ലാസ് മുതൽ കമ്പ്യൂട്ടർ ഫീസായി പ്രതിമാസം 25 രൂപാ ഈടാക്കി വരുന്നുണ്ട്. ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഇ) അല്ല.

(എഫ്) പട്ടികജാതി/പട്ടികവർഗ്ഗ/ഒ.ബി.സി. വിഭാഗങ്ങൾക്കും കുമാരപിള്ള കമ്മീഷൻ ശുപാർശ പ്രകാരം ഉയർന്ന ജാതിയിൽപ്പെട്ടതും എന്നാൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതുമായ വിദ്യാർത്ഥികൾക്കും ഫീസ് ആനുകൂല്യം നിലവിലുണ്ട്.

(ജി) പരിഗണനയിലില്ല.

(എച്ച്) സർക്കാരിന്റെ നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായാണ് ഫീസ് വർദ്ധിപ്പിച്ചിട്ടുള്ളത്.

(ഐ&ജെ) ഇല്ല. സെക്കണ്ടറി വിദ്യാഭ്യാസതലംവരെ ഫീസ് വർദ്ധനവ് വരുത്തിയിട്ടില്ല. കൂടാതെ പിന്നോക്ക വിഭാഗം വിദ്യാർത്ഥികൾക്കും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കും നിലവിലുള്ള ഫീസാനുകൂല്യവ്യവസ്ഥകളിൽ മാറ്റം വരുത്തിയിട്ടില്ല.

പാഠ പുസ്തക അച്ചടിയുടെ ചെലവ്

90 (1400) ശ്രീ വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാഠപുസ്തകങ്ങൾ സർക്കാർ പ്രസ്സിൽ അച്ചടിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly